# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂലൈ 5

# വാർത്താക്കുറിപ്പ്

## യുവ സർവകലാശാല റാങ്കിങ്ങിലും മികവ് പുലർത്തി എം.ജി.

ടൈംസ് ഹയർ എജ്യൂക്കേഷൻ കഴിഞ്ഞ 50 വർഷത്തിനുള്ളിൽ പ്രവർത്തനമാരംഭിച്ച - യുവ സർവകലാശാലകൾക്കായി പുറത്തിറക്കിയ റാങ്കിംഗ് പട്ടികയിലും മികച്ച സ്ഥാനം നിലനിർത്തി മഹാത്മാഗാന്ധി സർവകലാശാല. പട്ടികയിൽ ഇടംപിടിച്ച ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൂന്നാം സ്ഥാനം സർവകലാശാല നേടി. ആഗോള റാങ്കിംഗിൽ 142-ാമത് സ്ഥാനമാണ് സ്ഥാപനത്തിനുള്ളത്. ഐ.ഐ.ടി. റോപാർ, ഐ.ഐ.ടി. ഇൻഡോർ എന്നിവയാണ് റാങ്കിംഗിൽ മഹാത്മാഗാന്ധി സർവകലാശാലയേക്കാൾ മുന്നിട്ട് നിൽക്കുന്ന ഇന്ത്യയിൽ നിന്നുള്ള സ്ഥാപനങ്ങൾ. ഇവയ്ക്ക് ആഗോള റാങ്കിംഗിൽ യഥാക്രമം 63ഉം 76ഉം സ്ഥാനങ്ങളാണുള്ളത്. സിംഗപ്പൂരിലെ നന്യാംഗ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കാണ് റാങ്കിംഗ് പട്ടികയിൽ ഒന്നാം സ്ഥാനം.

പട്ടികയിൽ ഏറ്റവും കൂടുതൽ യു.കെ.യിൽ നിന്നുള്ള സ്ഥാപനങ്ങളാണ്. 34 സ്ഥാപനങ്ങളുള്ള ഇന്ത്യയ്ക്കാണ് രണ്ടാം സ്ഥാനം. പ്രസിദ്ധീകരിക്കപ്പെട്ട ഗവേഷണ പ്രബന്ധങ്ങൾ, രജിസ്റ്റർ ചെയ്യപ്പെട്ട പേറ്റന്റുകൾ, മറ്റുരാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ എണ്ണം, വിദ്യാർഥികളിലെ പെൺകുട്ടി-ആൺകുട്ടി അനുപാതം തുടങ്ങിയ മാനദണ്ഡങ്ങൾ പരിശോധിച്ചാണ് റാങ്കിംഗ് നടത്തിയിട്ടുള്ളത്. മഹാത്മാഗാന്ധി സർവകലാശാലയിലെ പെൺകുട്ടികളുടെയും ആൺകുട്ടികളുടേയും അനുപാതം യഥാക്രമം 68ന് 32 (68:32) എന്നതാണ്.

(പി.ആർ.ഒ/39/596/2021)

## പുതുക്കിയ പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എസ് സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (സി.എസ്.എസ്. - 2016, 2017, 2018 അഡ്മിഷൻ- സപ്ലിമെന്ററി/2012, 2013, 2014, 2015 അഡ്മിഷൻ- മേഴ്സി ചാൻസ്) പരീക്ഷയുടെ ഏപ്രിൽ 23ന് നടത്താൻ നിശ്ചയിച്ചിരുന്ന ജെനറ്റിക്സ് ആന്റ് ബയോടെക്നോളജി ഇൻ അക്വാകൾച്ചർ പേപ്പറിന്റെ പരീക്ഷ ജൂലൈ ഏഴിന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെയും ഏപ്രിൽ 26ന് നടത്താൻ നിശ്ചയിച്ചിരുന്ന ഹെൽത്ത് മാനേജ്മെന്റ് ഇൻ അക്വാകൾച്ചർ സിസ്റ്റംസ് എന്ന പേപ്പറിന്റെ പരീക്ഷ ജൂലൈ ഒൻപതിന് ഉച്ചകഴിഞ്ഞ് രണ്ടുമുതൽ വൈകീട്ട് അഞ്ചുവരെയും നടക്കും.

(പി.ആർ.ഒ/39/597/2021)

## പരീക്ഷ തീയതി

ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ് സി./എം.കോം. (2019 അഡ്മിഷൻ- റഗുലർ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ ജൂലൈ 12 ന് ആരംഭിക്കും.

(പി.ആർ.ഒ/39/598/2021)

## പരീക്ഷഫലം

2020 ഡിസംബറിൽ നടന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് പരീക്ഷയുടെ (2018 അഡ്മിഷൻ-റഗുലർ/2013-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/599/2021)

2021 ജനവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം (മോഡൽ 1, 2, 3 - 2018 അഡ്മിഷൻ- റഗുലർ, 2017 അഡ്മിഷൻ - റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/600/2021)

2021 ജനവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ് സി. മോഡൽ 1, 2, 3 - 2018 അഡ്മിഷൻ- റഗുലർ, 2017 അഡ്മിഷൻ- റീഅപ്പിയറൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/601/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ